**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്-ജീവനക്കാര്യം-2000-01 സാമ്പത്തിക വർഷം മത്സ്യബന്ധന വകുപ്പ് സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി മൊബൈൽ ഫോൺ വാങ്ങി കണക്ഷനെടുത്തു നൽകിയ അഡാക്ക് എക്സിക്യൂട്ടീവ് ഡയക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.86/2019/**മ.ഉ.വ  തീയതി,തിരുവനന്തപുരം, 01/02/2019

---

പരാമർശം:- അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24-02-2016, 12-05-216,13-04-2018,7-08-2018 തീയതികളിലെ അഡാക്ക്/സി /1021/09 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മത്സ്യബന്ധന വകുപ്പ് സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി 2000-01 സാമ്പത്തിക വർഷം മൊബൈൽ ഫോൺ വാങ്ങി കണക്ഷനെടുത്തു നൽകിയ അഡാക്ക് എക്സിക്യൂട്ടീവ് ഡയക്ടറുടെ നടപടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെന്നും 2000-01 സാമ്പത്തിക വർഷം 27-05-2000-ൽ അന്നത്തെ മത്സ്യബന്ധന വകുപ്പ് സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായിട്ടാണ് മൊബൈൽ ഫോൺ വാങ്ങിയതെന്നും, മൊബൈൽ ഫോൺ വാങ്ങിയ നടപടി അഡാക്കിന്റെ 28-08-2000-ൽ കൂടിയ XXIII-ാമത് എക്സിക്യൂ ട്ടീവ് കമ്മിറ്റിയിൽ സാധൂകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മൊബൈൽ ഫോൺ വാങ്ങിയതിന് തുക അനു വദിച്ചു നൽകിയ ശ്രീ. കെ.എ. സുരേന്ദ്രൻ മരണപ്പെട്ടതിനാലും എക്സിക്യൂട്ടീവ് ഡയക്ടറായിരുന്ന ശ്രീ. എം.പി. ദിലീപ് സർവ്വീസിൽ ഇല്ലാത്ത സാഹചര്യവും കണക്കിലെടുത്ത് മൊബൈൽ ഫോണിന്റെ വിലയായി 8,900/- രൂപയും കണക്ഷനായി 3,260/- രൂപയും ഉൾപ്പെടെ ആകെ 12,160/- രൂപ ചെലവഴിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് അഡാക്ക് എക്സിക്യൂട്ടീവ് ഡയക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോൺ വാങ്ങിയതിന് തുക അനുവദിച്ചു നൽകിയ ശ്രീ. കെ.എ. സുരേന്ദ്രൻ സർവ്വീസിൽ നിന്നും വിരമിക്കുകയും പിന്നീട് മരണമടയുകയും ചെയ്ത സാഹചര്യത്തിലും എക്സിക്യൂട്ടീവ് ഡയക്ടറായിരുന്ന ശ്രീ.എം.പി. ദിലീപ് സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യവും കണക്കിലെ ടുത്തും 2000-01 സാമ്പത്തിക വർഷം മൊബൈൽ ഫോണിന്റെ വിലയായി 8,900/- രൂപയും കണക്ഷനായി 3,260/- രൂപയും ഉൾപ്പെടെ ആകെ 12,160/- രൂപ ചെലവഴിച്ച അഡാക്ക് എക്സിക്യൂട്ടീവ് ഡയക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ,അഡാക്ക് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, ഐ.&പി.ആർ.ഡി.{ഗവ.വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി}
കരുതൽ ശേഖരം,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ